**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4790** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഫയലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ താലൂക്കുകളിൽ നിന്നും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകൾക്കു വേണ്ടി അയക്കുന്ന അപേക്ഷകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചു വരാൻ കാലതാമസവും ഏത് ഗസറ്റിലാണ് പ്രസിദ്ധീകരിച്ച് വരുന്നതെന്ന് അറിയാൻ ജനങ്ങൾക്ക് ബുദ്ധിമുട്ടും അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും ഏറ്റവും അടുത്ത് പ്രസിദ്ധീകരിക്കുന്ന ഗസറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഫയൽ നമ്പർ (കമ്പ്യൂട്ടർ ഇ-ഫയൽ നമ്പർ) ഉപയോഗിച്ച് പിന്നീട് ആയത് ഏത് ഗസറ്റിൽ പ്രസിദ്ധീകരിക്കും എന്ന് അറിയാവുന്ന തരത്തിൽ ഈ സംവിധാനങ്ങൾ കണക്ട് ചെയ്തുകൊണ്ട് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാകുമോ ; വിശദമാക്കാമോ; | (ബി) | ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാണ്. കേരള സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി, അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന "കംപോസ് പ്രോജക്ട്" ന്റെ ഭാഗമായി സാധാരണ ഗസറ്റുകൾ, പൂർണ്ണമായും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇ-ഫയലിംഗ് സംവിധാനം ലിങ്ക് ചെയ്യുന്നതിനുള്ള മൊഡ്യൂൾ കംപോസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റവന്യൂ വിഭാഗം ഇ-ഫയലിംഗ് സംവിധാനത്തിലേക്ക് മാറുമ്പോൾ ഗവൺമെന്റ് പ്രസ്സിനെ കൂടി കണക്ട് ചെയ്തുകൊണ്ട് ഗസറ്റ് വിജ്ഞാപന സെക്ഷൻ കൂടി ഇതിന്റെ ഭാഗമാക്കാൻ ആലോചിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാണ്. കേരള സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി, അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന "കംപോസ് പ്രോജക്ട്" ന്റെ ഭാഗമായി സാധാരണ ഗസറ്റുകൾ, പൂർണ്ണമായും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇ-ഫയലിംഗ് സംവിധാനം ലിങ്ക് ചെയ്യുന്നതിനുള്ള മൊഡ്യൂൾ കംപോസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ